സംസ്ഥാനങ്ങൾ	പദ്ധതിവിഹിതം (തുടർച്ച)	
	1984-85	1985-86
മഹാരാഷ്ട്ര	1650	1700
മണിപ്പൂർ	61	70
മേഘാലയ	65	75
നാഗാലാൻറ്	59	65
ഒറീസ്സ	400	450
പഞ്ചാബ്	488	500
രാജസ്ഥാൻ	387	430
സിക്കിം	35	41
തമിഴ്നാട്	927	960
ത്രിപുര	68	86
ഉത്തർപ്രദേശ്	1502	1642
പശ്ചിമബംഗാൾ	748	675
ആകെ	12,355	12,896

ആദിവാസി വികസനം

* 89 [131] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി വികസനത്തിന് വനം സംരക്ഷണനിയമം തടസ്സമാകാറുണ്ടോ;

(ബി) എങ്കിൽ ഇത് ഒഴിവാക്കാൻ സർക്കാർ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ചില വികസന പ്രവർത്തനങ്ങൾക്ക് വനസംരക്ഷണനിയമം തടസ്സമാകാറുണ്ട്.

(ബി) മരം മുറിക്കേണ്ടിവരുന്ന സാഹചര്യത്തിൽ അതിന് കേന്ദ്ര ഗവൺമെൻറിൻെറ അനുവാദം സ്റേറററ് ഗവൺമെൻറ് ആവശ്യപ്പെടുന്നതാണ്.

ഭാവി ആസൂത്രണങ്ങളുടെ ലക്ഷ്യ-മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് നിയോഗിക്കപ്പെട്ട കമ്മിറ്റികൾ

* 90 [132] ശ്രീ. കെ. പി. പ്രഭാകരൻ:

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:

ശ്രീ. കെ. ഇ. ഇസ്മയിൽ:

,, കെ. ആർ. ചന്ദ്രമോഹനൻ:

,, കാനം രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിൻെറ സാമ്പത്തികഘടന പരിശോധിച്ച് രണ്ടായിരാമാണ്ടുവരെയുള്ള ഭാവി ആസൂത്രണങ്ങളുടെ ലക്ഷ്യവും മാർഗ്ഗവും നിർദ്ദേശിക്കുന്നതിനുവേണ്ടി ഉന്നതാധികാര കമ്മിറ്റികളെ നിയോഗിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഏതെങ്കിലും കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം കമ്മിറ്റികളുടെ റിപ്പോർട്ട്;

(ഡി) അവയിലെ നിർദ്ദേശങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്.

(ബി) എല്ലാ കമ്മിറ്റികളുടേയും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(സി) താഴെ പറയുന്ന കമ്മിറ്റികളുടെ:

(1) ലാൻറ് ആൻറ് വാട്ടർ റിസോഴ്സസ്

(2) ഇൻഡസ്ട്രീസ്, ട്രേഡ് ആൻറ് പവ്വർ.

(3) ഫിസിക്കൽ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ട്രാൻസ്പോർട്ട്

(4) എഡ്യൂക്കേഷൻ ആൻറ് എംപ്ലോയ്മെൻറ്.

(5) സോഷ്യൽ ഇൻഫ്രാസ്ട്രക്ചർ.

(ഡി) ഈ റിപ്പോർട്ടുകളിലെ ശുപാർശകളും നിർദ്ദേശങ്ങളും ഓരോ റിപ്പോർട്ടിലും പ്രത്യേകമായി കൊടുത്തിട്ടുണ്ട്. റിപ്പോർട്ടുകളുടെ പ്രതികം മേശപ്പുറത്ത് വച്ചിട്ടുണ്ട്.

സഹകരണ ട്രൈബ്യൂണലിൽ സഹകരണസംഘങ്ങളും സമർപ്പിച്ച കേസുകളും

* 91 [133] ശ്രീ. വി. എസ്. പാന്ത്രശേഖര പിള്ള:

,, ഇ. പത്മനാഭൻ:

,, എം. ജിനദേവൻ:

ശ്രീമതി കെ. ആർ. ഗൗരി:

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ട്രൈബ്യൂണലിൽ സഹകരണസംഘങ്ങൾ 1980 മുതൽ ഓരോ വർഷവും സമർപ്പിച്ച കേസുകൾ എത്ര; അവയിൽ തീരുമാനമായവ എത്ര;

(ബി) സഹകരണ സംഘങ്ങളിൽനിന്നും ഈടാക്കിയ ഫീസ് ഓരോ വർഷവും എത്ര;

(സി) വർദ്ധിപ്പിച്ച ഫീസ് നിരക്കുകാരണം സൊസൈറ്റികൾക്ക് ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്യാൻ സാമ്പത്തികവിഷമം നേരിടുമെന്ന പരാതി സർക്കാരിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) സൊസൈറ്റിയേയും കടബാദ്ധ്യത വന്ന കൃഷിക്കാരേയും ക്ലേശിപ്പിക്കുന്ന ഈ വർദ്ധിപ്പിച്ച ഫീസ് നിരക്ക് പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly